പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ. 3174 22.06.2012 ൽ മറുപടിയ്ക്ക്

**സി. എൽ. മഹാദേവൻ എന്നയാളുടെ കുട്ടികൾക്ക്**
**കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി**

ചോദ്യം — ശ്രീ. കെ. വി. വിജയദാസ്

ഉത്തരം — ഡോ. എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| എ | കോക്ലിയർ ഇംപ്ലാന്റേഷൻ എത്ര കുട്ടികൾക്ക് നൽകുകയുണ്ടായിയെന്ന് വ്യക്തമാക്കുമോ ; | എ | കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖാന്തിരം നടപ്പാക്കുന്ന പദ്ധതിയിൻ കീഴിൽ കോക്ലിയാർ ഇംപ്ലാന്റേഷൻ ഒരു കുട്ടിക്ക് മാത്രമെ നൽകിയിട്ടുള്ളൂ. |
| ബി | ശ്രീ. സി. എൽ. മഹാദേവൻ, ചെങ്ങേലിൽ വീട്, കിഴക്കുംപുറം പി.ഒ, മണ്ണൂർ, പാലക്കാട് എന്നയാളുടെ രണ്ടു കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി പ്രകാരം സർജറി ചെയ്യുന്നതിന് അപേക്ഷ നൽകിയിട്ടും നാളിതുവരെ സർജറി നടത്താൻ കഴിഞ്ഞിട്ടില്ലായെന്ന വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കുട്ടികൾക്ക് എത്രയും വേഗം സർജറി നടത്താൻ നടപടി സ്വീകരിക്കുമോ ; വിശദാംശം നൽകുമോ ? | ബി | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് ശ്രീ. സി. എൽ. മഹാദേവന്റെ രണ്ടു കുട്ടികളായ ദിയ (2 വയസ്സ്), ദിനു (9 വയസ്സ്) എന്നിവരുടെ അപേക്ഷ ലഭിച്ചതിനെ തുടർന്ന് അപേക്ഷയും അനുബന്ധ രേഖകളും പരിശോധനയ്ക്കായി കോഴിക്കോട് റീജിയണൽ ടെക്നിക്കൽ കമ്മിറ്റിയ്ക്ക് അയച്ചു കൊടുത്തിരുന്നു. ഇതിൽ 2 വയസ്സുള്ള ദിയയുടെ അപേക്ഷ കോഴിക്കോട് റീജിയണൽ ടെക്നിക്കൽ കമ്മിറ്റി കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറിയ്ക്കായി ശുപാർശ ചെയ്തുകൊണ്ട് കേരള സാമൂഹ്യ സുരക്ഷാ മിഷന് സമർപ്പിച്ചിട്ടുണ്ട്. ആയത് സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി അംഗീകരിക്കുകയുമുണ്ടായി. കുമാരി ദിയയ്ക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.<br>മറ്റൊരു കുട്ടിയായ ദിനുവിന് 9 വയസ്സ് പ്രായമുള്ളതിനാൽ പ്രസ്തുത അപേക്ഷയിന്മേൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനായി സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയ്ക്ക് സമർപ്പിക്കുന്നതിന് കോഴിക്കോട് റീജിയണൽ ടെക്നിക്കൽ കമ്മിറ്റി നിർദ്ദേശിക്കുകയുണ്ടായി. സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി മാസ്റ്റർ ദിനുവിന്റെ അപേക്ഷയിന്മേൽ നടപടി സ്വീകരിക്കുന്നതാണ്. |

R. Vijay

സെക്ഷൻ ഓഫീസർ